# പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **2346** 12.03.2020 ലെ മറുപടിയ്ക്ക്

**പട്ടികജാതി പട്ടികവർഗ്ഗ സമുദായങ്ങളുടെ സംരക്ഷണം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എ.പി.അനിൽ കുമാർ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.പി.ടി.തോമസ്** | | **എ.കെ.ബാലൻ**<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| എ) | ഇന്ത്യൻ ഭരണഘടനയുടെ 17-ാം അനുച്ഛേദത്തിന് അനുസൃതമായി പട്ടികജാതി പട്ടികവർഗ്ഗ സമുദായങ്ങൾക്കെതിരെയുള്ള അതിക്രമങ്ങളും അധിക്ഷേപങ്ങളും അവസാനിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം (1989), പൗരാവകാശ സംരക്ഷണ നിയമം (1955) എന്നിവ ഫലപ്രദമായി നടപ്പിലാക്കി വരുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ അമർച്ചചെയ്യാൻ കർശന നിയമ നടപടികൾ സ്വീകരിക്കുക, അതിക്രമങ്ങൾക്ക് വിധേയമാകുന്നവരെ പുനരധിവസിപ്പിക്കുന്നതിനും, അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് സൗജന്യ നിയമ സഹായം, അർഹമായ കേസ്സുകളിൽ ആശ്രിതർക്കുള്ള ധനസഹായം തുടങ്ങിയ പരിരക്ഷകളും ഈ നിയമങ്ങൾ പ്രകാരം ഉറപ്പു വരുത്തുന്നുണ്ട്.<br>പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകൾ മോണിറ്റർ ചെയ്യുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായിട്ടുള്ള ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി മൂന്നു മാസത്തിലൊരിക്കൽ ചേരുന്നുണ്ട്. കൂടാതെ ഈ നിയമ പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസ്സുകൾ മോണിറ്റർ ചെയ്യുന്നതിന് സംസ്ഥാനതലത്തിൽ ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായിട്ടുള്ള സ്റ്റേറ്റ് ലെവൽ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറി നോഡൽ ഓഫീസർ എന്ന നിലയിൽ പ്രത്യേക അവലോകന യോഗവും നടത്തി വരുന്നു.<br>അതിക്രമം തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ അന്വേഷണം, കേസ്സുകളുടെ നടത്തിപ്പ് എന്നിവ സുഗമമാക്കുന്നതിനായി വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിലായി സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും, മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും, വയനാട് ജില്ലയിലെ മാനന്തവാടിയിലും, കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിലും, പാലക്കാട് ജില്ലയിൽ മണ്ണാർക്കാടും സ്പെഷ്യൽ കോടതികൾ |

| | | | |
|---|---|---|---|
| | | | പ്രവർത്തിച്ചുവരുന്നു. അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുക, നഷ്ടപരിഹാരം നൽകുക, സൗജന്യ നിയമ സഹായം നൽകുക, അർഹമായ കേസുകളിൽ ആശ്രിതർക്ക് സർക്കാർ ജോലി ഉറപ്പുവരുത്തുക, ആശ്രിതർക്ക് ധനസഹായം നൽകുക, കേസുകളിൽ സാക്ഷി പറയുന്നവർക്ക് ധനസഹായം അനുവദിക്കുക തുടങ്ങിയ പരിരക്ഷകൾ അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് ഉറപ്പ് വരുത്തുന്നുണ്ട്. അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് അർഹതയുടെ അടിസ്ഥാനത്തിൽ സ്ഥലം, വീട് എന്നിവ അനുവദിക്കുന്നതിന് മുൻഗണന നൽകാറുണ്ട്. വിപുലമായ ബോധവൽക്കരണ പരിപാടികളും നടത്തി വരുന്നു. |
| ബി) | കക്കാടംപൊയിൽ പഞ്ചായത്തിലെ ഒരു കൗൺസിലറിനെതിരെ ജാതീയമായ അധിക്ഷേപങ്ങൾ നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | കൂടരഞ്ഞി പഞ്ചായത്തിലെ ഒരു പഞ്ചായത്ത് മെമ്പർക്കെതിരെ അധിക്ഷേപമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) | ജാതീയമായ അധിക്ഷേപങ്ങൾ തടയാൻ യാതൊരു പിന്തുണയും ലഭിക്കാത്തതിനെ തുടർന്ന് അദ്ദേഹം കൗൺസിലർ സ്ഥാനം രാജിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | പഞ്ചായത്ത് മെമ്പർ രാജി പിൻവലിച്ച് 03.03.2020-ന് നടന്ന പഞ്ചായത്ത് കമ്മിറ്റിയിൽ പങ്കെടുത്തതായി പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. |
| ഡി) | പ്രസ്തുത സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇതിൽ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത് എന്ന് അറിയിക്കാമോ? | ഡി) | പഞ്ചായത്ത് മെമ്പർ പരാതി പിൻവലിച്ചതിനാൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടില്ലെന്ന് തിരുവമ്പാടി പോലീസ് അറിയിച്ചു. പരാതിയില്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**